ഗന്ധമാണ് കമ്പനിയിൽ നിന്നും പുറത്തേക്ക് വമിക്കുന്നത്. മൂക്ക് പൊത്താതെ ഒരാൾക്കും അത് വഴി യാത്ര ചെയ്യാനാകില്ല. കാറ്റിന്റെ ഗതിയനുസരിച്ച് വിദൂര സ്ഥലങ്ങളിലേക്ക് പോലും ചീഞ്ഞ നാറ്റമടിക്കാൻ തുടങ്ങി. വൈകുന്നേരങ്ങളിൽ ദുർഗന്ധം അതിരൂക്ഷമാകുകയും വീടുകളിൽ കുട്ടികൾക്കും മുതിർന്നവർക്കും മനംപുരട്ടലും ഓക്കാനവും ഉണ്ടാവുകയും ചെയ്യുന്നു. കമ്പനിയുടെ പരിസരപ്രദേശങ്ങളിൽ തന്നെ ഖരമാലിന്യങ്ങൾ നേരിട്ട് നിക്ഷേപിക്കാൻ തുടങ്ങിയതും മലിനീകരണം രൂക്ഷമാക്കി. ഇതെല്ലാമാണ് തദ്ദേശീയരെ സമരരംഗത്തേക്ക് എത്തിച്ചത്. ആരോഗ്യപ്രശ്നങ്ങൾ, ക്യാൻസർ മരണങ്ങൾ, അതിരൂക്ഷമായ ദുർഗന്ധം, ചാലക്കുടി പുഴ മലിനീകരണം, മത്സ്യങ്ങളുടെ കൂട്ടക്കുരുതികൾ, മാലിന്യം പരന്നൊഴുകി കൃഷിഭൂമികളുടെ നാശം, ഖരമാലിന്യങ്ങളിലെ ഘനലോഹ സാന്നിധ്യം, പോലീസ് പീഢനങ്ങൾ, കള്ളക്കേസുകൾ, ഗുണ്ടാ ആക്രമണങ്ങൾ എന്നിങ്ങനെയുള്ള ദുരനുഭവങ്ങളിലൂടെയാണ് സമരം കടന്നുപോകുന്നത്. പഞ്ചായത്ത് പ്രവർത്തനാനുമതി നിഷേധിച്ചിട്ടും എൻ.ജി.ഐ.എൽ കമ്പനിക്ക് പ്രവർത്തിക്കാൻ കഴിയുന്നു എന്നതാണ് കാതിക്കുടത്തെ മറ്റൊരു ഗുരുതരമായ പ്രശ്നം. പഞ്ചായത്ത് എൻ.ജി.ഐ.എൽ കമ്പനിക്ക് ലൈസൻസ് നൽകുന്നില്ലെങ്കിലും അതിനെ മറികടന്നുകൊണ്ടുള്ള കോടതി ഉത്തരവിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുടെയും പിൻബലത്തിൽ കമ്പനി പ്രവർത്തനം തുടരാൻ കഴിയുന്ന സ്ഥിതിയുണ്ട്. പഞ്ചായത്ത് വർഷങ്ങളായി നൽകിയ പരാതികളൊന്നും മലിനീകരണ നിയന്ത്രണ ബോർഡ് കാര്യമായി പരിഗണിച്ചിട്ടില്ല. പ്രവർത്തനങ്ങൾ പലതും കമ്പനി പഞ്ചായത്തിനോട് വെളിപ്പെടുത്താറില്ല. 24 ഇന പാരിസ്ഥിതിക നിയമങ്ങൾ ലംഘിച്ചുകൊണ്ടാണ് കമ്പനി പ്രവർത്തിക്കുന്നതെന്ന് 2017 ഫെബ്രുവരി 27ന് ദേശീയ ഹരിത ട്രിബ്യൂണൽ വിധിയിലൂടെ പ്രസ്താവിച്ചിരുന്നു. സമര സമിതി ഉന്നയിച്ച മുഴുവൻ ആരോപണങ്ങളെയും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡും ഹരിത ട്രിബ്യൂണലും അംഗീകരിക്കുന്നതരത്തിലുള്ള വിധിയാണുണ്ടായത്. ഈ വിധിയെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു എന്ന് കമ്പനി അധികൃതർ പത്രസമ്മേളനത്തിലൂടെ ഉറപ്പുനൽകിയെങ്കിലും പിന്നീട് ഹരിത ട്രിബ്യൂണലിൽ തന്നെ പുനഃപരിശോധന ഹർജി നൽകുകയാണ് അവർ ചെയ്തത്. എന്നാൽ പുനഃപരിശോധനയ്ക്ക് സമർപ്പിച്ച ആവശ്യങ്ങളിൽ ഒന്നൊഴികെ എല്ലാം 2017 നവംബർ 8ന് ഹരിതട്രിബ്യൂണൽ തള്ളുകയുണ്ടായി. ഹരിത ട്രിബ്യൂണൽ മുമ്പ് പുറപ്പെടുവിച്ച ഉത്തരവിലെ 24 നിർദ്ദേശങ്ങളിൽ 23 എണ്ണവും അതേപടി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടിട്ടും കമ്പനി അതിന് സന്നദ്ധമായിട്ടില്ല. തലമുറകളെ കൊന്നൊടുക്കാൻ ശേഷിയുള്ള മാരകമായ രാസമാലിന്യങ്ങൾ പുഴയിലേക്ക് ഒഴുക്കുന്നത് കമ്പനി തുടരുകയാണ്.

## നിറം മാറുന്ന പെരിയാർ

**കേ**രളത്തിന്റെ വ്യാവസായിക വികസനം സൃഷ്ടിച്ച ദുരന്തങ്ങൾ ഏറ്റവും കൂടുതൽ നേരിടേണ്ടി വന്നത് പെരിയാർ പുഴയ്ക്കും വ്യവസായ മേഖലയായ ഏലൂർ-എടയാർ മേഖലയിലെ ജനങ്ങൾക്കുമാണ്. സംസ്ഥാനത്തിന്റെ ആകെ വ്യവസായത്തിന്റെ 25 ശതമാനവും പെരിയാറിന്റെ തീരങ്ങളിലാണ് എന്നതുകൊണ്ടു തന്നെ ഏകദേശം 50 ലക്ഷത്തോളം ആളുകൾ വിവിധ ആവശ്യങ്ങൾക്കായി ആശ്രയിച്ചു വരുന്ന പെരിയാറിന്റെ ഇന്നത്തെ അവസ്ഥ ശോചനീയമായിരിക്കുകയാണ്. സുലഭമായ ശുദ്ധജലത്തിന്റെ ലഭ്യതയും വൈദ്യുതി നേരിട്ട് ഗ്രിഡിൽ നിന്ന് ലഭിക്കാനുള്ള സാഹചര്യങ്ങളും ഉള്ളതിനാൽ തിരുവിതാംകൂർ ദിവാനായിരുന്ന സർ സി.പി. രാമസ്വാമി അയ്യരുടെ മേൽനോട്ടത്തിൽ തന്നെ വ്യവസായശാലകൾ സ്ഥാപിക്കപ്പെട്ടു. ഉത്പാദനത്തിനുശേഷം ഉണ്ടാകുന്ന മലിനജലം നേരിട്ട് പുഴയിലേക്ക് ഒഴുക്കിക്കളയാൻ സൗകര്യമുള്ളതുകൊണ്ടാണ്ആദ്യകാലങ്ങളിൽ ഉദ്യോഗമണ്ഡൽ ഭാഗത്ത് വ്യവസായങ്ങൾ കേന്ദ്രീകരിക്കാൻ തുടങ്ങിയത്. 1943 ലാണ് പെരിയാറിന്റെ തീരത്തെ ഉദ്യോഗമണ്ഡൽ കേന്ദ്രീകരിച്ച് ഇന്ത്യൻ അലുമിനിയം കമ്പനി ആരംഭിക്കുന്നത്. പിന്നീട് ട്രാവൻകൂർ കെമിക്കൽസ് മാനുഫാക്ചറിംഗ് കമ്പനി, എഫ്.എ.സി.ടി, ട്രാവൻകൂർ റയോൺസ്, ഇന്ത്യൻ റെയർ എർത്ത്, എച്ച്.എ.എൽ, ബിനാനി സിങ്ക്, പെരിയാർ കെമിക്കൽസ്, യുണൈറ്റഡ് കാറ്റലിസ്റ്റ് എന്നിവയടക്കം 250ൽ അധികം വ്യവസായ സംരംഭങ്ങൾ ഇവിടെ സ്ഥിതിചെയ്യുന്നുണ്ട്. ഈ വ്യവസായങ്ങൾക്കൊന്നും മതിയായ രീതിയിലുള്ള മലിനീകരണ നിയന്ത്രണ സംവിധാനങ്ങളില്ലാത്തതിനാൽ പെരിയാർ നിറം മാറി ഒഴുകുകയും, ആസിഡും ആൽക്കലിയും കലർന്ന് മത്സ്യങ്ങൾ വ്യാപകമായി ചത്തൊടുങ്ങുകയും അമിതമായി പ്ലവകസസ്യ പ്രജനനം നടക്കുകയും ചെയ്തതിലൂടെ ഏറെ പാരിസ്ഥിതിക-സാമൂഹിക സേവനങ്ങൾ നടത്തിവന്ന ഒരു പുഴ തന്നെ ഇല്ലാതായി. അനുവദിക്കപ്പെട്ടതിലും അധികം അളവിൽ വിവിധതരം രാസവസ്തുക്കൾ ഏലൂർ പ്രദേശത്ത് പെരിയാറിലുള്ളതായി നിരവധി പഠനങ്ങൾ തെളിയിക്കുന്നുണ്ട്. ഇതെല്ലാം വ്യവസായങ്ങൾ അനധികൃതമായി മാലിന്യം തള്ളുന്നതിന്റെ തെളിവുകളാണ്. ഇവിടെ മത്സ്യങ്ങൾ ചത്തുപൊങ്ങുന്നതും, ജലത്തിനു നിറം മാറ്റം അനുഭവപ്പെടുന്നതും പതിവായിരിക്കുന്നു. ഭരണകൂട-രാഷ്ട്രീയ-വ്യവസായ ലോബികളുടെ ചങ്ങാത്ത താത്പര്യങ്ങൾ മൂലം പെരിയാറിൽ രാസമലിനീകരണം ഇപ്പോഴും അനിയന്ത്രിതമായി തുടരുകയാണ്. മലിനീകരണംമൂലം തൊഴിലാളികൾക്കും പരിസരവാസികൾക്കും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളും സാമ്പത്തികപ്രശ്നങ്ങളും ഉണ്ടായിട്ടും കാലഹരണപ്പെട്ട വ്യവസായ വികസന കാഴ്ച്ചപ്പാടുമായി ഭരണകൂടം മുന്നോട്ടുപോകുന്നു. ജനസമൂഹങ്ങൾ ആശ്രയിക്കുന്ന പുഴയെന്ന പ്രകൃതിവിഭവത്തിന് പരിഗണന നൽകാതെ വ്യാവസായിക വികസനത്തിന് മാത്രം ഊന്നൽ നൽകുന്ന വികസനനയത്തിന്റെ ദുരന്തമാണ് പെരിയാറിനെ കൊല്ലുന്നത്. വികസനമെന്നാൽ സാമ്പത്തിക വളർച്ചയാണെന്നും അതിന് നിയന്ത്രണങ്ങളില്ലാത്ത മൂലധനനിക്ഷേപവും അമിത വ്യവസായവത്കരണവും വേണമെന്നും കരുതുന്ന ഭരണകൂടത്തിന്റെ സാമ്പത്തിക യുക്തിയാണ് പെരിയാർ മലിനീകരിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുന്നതിൽ നിന്നും അവരെ പിന്തിരിപ്പിക്കുന്നത്.